LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ്ടു അധ്യാപകരുടെ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടി ക്രമം.

132 [751] ശ്രീ. സാജുപോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ്ടു അധ്യാപകരുടെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) പുതിയതായി അനുവദിച്ച ബാച്ചുകളിൽ ഉൾപ്പെടെ ആകെ ഒഴിവുകൾ വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരം ഒഴിവുകളിലേയ്ക്ക് സ്ഥിരനിയമനം എന്നത്തേയ്ക്ക് നടത്തും എന്ന് വിശദമാക്കാമോ;

(ഡി) ഇങ്ങനെ നിയമനം നടത്തുന്നതിന് ആരംഭിച്ചിട്ടുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹയർസെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

133[752] ശ്രീ. ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുമ്പോൾ അനർഹരായവരെ നിയമിക്കുന്നതിനായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കുന്നതിന് താലൂക്ക് തലത്തിൽ പരീക്ഷ നടത്തി അതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ. ബി) ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഗസ്റ്റ്ലക്ചറർ നിയമനം സ്ഥിരാദ്ധ്യാപകരെ നിയമിക്കുന്നതുവരെയുള്ള ഒരു താത്ക്കാലിക സംവിധാനം മാത്രമാണ് അതിനാൽ നിർദ്ദേശം പരിഗണനാർഹമല്ല.

(ഡി) ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാൾ, പി. ടി. എ. പ്രസിഡന്റ്, സബ്ജക്ട് എക്സ്പേർട്ട് എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തിയാണ് ഗസ്റ്റ്ലക്ചറർമാരെ നിയമിക്കുന്നത്. അധ്യാപക തസ്തികയ്ക്ക് സ്പെഷ്യൽ റൂൾസിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ളവരെ മാത്രമേ ഗസ്റ്റ്ലക്ചറർ നിയമനത്തിന് പരിഗണിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം പരാതികൾക്ക് അടിസ്ഥാനമില്ല. ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ നിലവിൽ വന്ന സ്ഥിതിക്ക് പി. എസ്. സി. വഴി നിയമനം നടത്താനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ്.

എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് തസ്തികയിലെ നിയമനം

134 [753] ശ്രീ. അടൂർ പ്രകാശ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് തസ്തികയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പി. എസ്. സി. മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ തസ്തികയിൽ കഴിഞ്ഞ അദ്ധ്യയന വർഷം (2003-04)എത്ര പേർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞു;

(സി) എത്ര പേർക്ക് ഹയർ സെക്കന്ററി ടീച്ചർമാരായും ഹെഡ്മാസ്റ്റർമാരായും 2003-04-ൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ഡി) മേൽപ്പറഞ്ഞ ഒഴിവുകളുള്ള ഏതെല്ലാം സ്കൂളുകളിൽ ഡിവിഷൻ ഫാൾ മൂലം തസ്തിക നഷ്ടപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly